(ബി) ഇതു സംബന്ധിച്ച പ്രൊപ്പോസൽ ലഭിച്ചാൽ അർഹത പരിശോധിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

56 (498) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച്

ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം എത്ര സ്കൂളുകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്;

(സി) എൽ.പി.എസ്. അപ്ഗ്രേഡ് ചെയ്ത് യു.പി.എസ്. ആക്കാൻ വേണ്ട മാനദണ്ഡങ്ങൾ എന്തൊക്കെ എന്ന് വ്യക്തമാക്കുമോ; ആവശ്യമായ സൗകര്യങ്ങൾ അനുവദിച്ചാൽ സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അടുത്ത അദ്ധ്യയന വർഷത്തിൽ സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നതു സംബന്ധിച്ച് ഇതുവരെയും തീരുമാനങ്ങളൊന്നും എടുത്തിട്ടില്ല.

(ബി) 6 സ്കൂളുകൾ.

(സി) സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത് സർക്കാരിന്റെ നയപരമായ തീരുമാനമാണ്. കേരള എഡ്യൂക്കേഷൻ റൂൾസിലെ ചാപ്റ്റർ 5 റൂൾ (എ)യിലെ നിബന്ധനകൾക്ക് വിധേയമായാണ് സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യുന്നത്.

57 (504) പ്രീ-ഡിഗ്രി കോഴ്സ് കോളേജുകളിൽനിന്നും മാറ്റാൻ നടപടി

ശ്രീ. കടമ്മനിട്ട രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത അദ്ധ്യയന വർഷം മുതൽ പ്രീ-ഡിഗ്രി കോഴ്സ് കോളേജുകളിൽനിന്നും പൂർണ്ണമായും ഡീലിങ്ക് ചെയ്ത് സ്കൂളിലേക്ക് മാറ്റാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതിനുവേണ്ടി പ്ലസ് ടൂ കോഴ്സ് നടപ്പിലാക്കേണ്ട സ്കൂളുകളുടെ ലിസ്റ്റ് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(സി) ഇപ്പോൾ പ്രീ-ഡിഗ്രി കോഴ്സ് നിലവിലുള്ള കോളേജുകൾക്ക് സമീപമുള്ള സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സ് അനുവദിക്കാൻ മുൻഗണന നൽകുമോ;

(ഡി) കൂടുതൽ സർക്കാർ സ്കൂളുകളിൽ പ്ലസ് ടൂ കോഴ്സ് അനുവദിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) പ്ലസ് ടൂ അധ്യാപകരുടെ നിയമനം പൂർണ്ണമായും പി.എസ്.സി. വഴി നടത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly